**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4483** **01-07-2024 - ൽ മറുപടിയ്ക്ക്**

**കരിന്തളം-വയനാട് 400 കെ.വി. ലൈൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കരിന്തളം-വയനാട് 400 കെ.വി ലൈൻ കടന്നു പോകുന്ന പ്രദേശങ്ങളിലെ ഭൂവുടമകൾക്കും കർഷകർക്കും നഷ്ടപരിഹാരം നല്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | കരിന്തളം-വയനാട് ലൈൻ കടന്നു പോകുന്ന പ്രദേശങ്ങളിൽ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിന് ഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്ന വിഷയത്തിൽ തർക്കം നിലനിൽക്കുന്നുണ്ട്. ഭൂവുടമകൾ ഉയർന്ന നഷ്ടപരിഹാരം നൽകിക്കൊണ്ടുള്ള പാക്കേജ് ആവശ്യപ്പെട്ടു. ഭൂവുടമകൾക്ക് ഉയർന്ന നഷ്ടപരിഹാരം അനുവദിക്കുന്ന വിഷയത്തിൽ ബഹു. മന്ത്രി തലത്തിൽ ഉൾപ്പെടെ നിരവധി യോഗങ്ങൾ വിളിച്ചു ചേർക്കുകയുണ്ടായി. ഈ വിഷയം നിലവിൽ സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) | പ്രസ്തുത നഷ്ടപരിഹാരം നല്കുന്നതിനായി പ്രത്യേക പാക്കേജ് പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (ബി) | കരിന്തളം-വയനാട് ലൈൻ കടന്നു പോകുന്ന പ്രദേശങ്ങളിൽ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിന് ഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്ന വിഷയത്തിൽ തർക്കം നിലനിൽക്കുന്നുണ്ട്. ഭൂവുടമകൾ ഉയർന്ന നഷ്ടപരിഹാരം നൽകിക്കൊണ്ടുള്ള പാക്കേജ് ആവശ്യപ്പെട്ടു. ഭൂവുടമകൾക്ക് ഉയർന്ന നഷ്ടപരിഹാരം അനുവദിക്കുന്ന വിഷയത്തിൽ ബഹു. മന്ത്രി തലത്തിൽ ഉൾപ്പെടെ നിരവധി യോഗങ്ങൾ വിളിച്ചു ചേർക്കുകയുണ്ടായി. ഈ വിഷയം നിലവിൽ സർക്കാർ പരിശോധിച്ചു വരികയാണ്. |
| (സി) | ഇരിക്കൂർ മണ്ഡലത്തിലെ എത്ര കർഷകരുടെ എത്ര വിസ്തൃതി സ്ഥലത്തിലൂടെയാണ് പ്രസ്തുത ലൈൻ കടന്നു പോകുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | ഇരിക്കൂർ മണ്ഡലത്തിലെ ഏകദേശം 141 ഭൂവുടമകളുടെ സ്ഥലത്താണ് ടവർ നിർമ്മിക്കുന്നത്. ഇതിൽ കർഷകരുടെ ഭൂമി എന്ന തരംതിരിവ് പ്രായോഗികമായി സാധ്യമല്ല. ലൈൻ കടന്നു പോകുന്ന റൈറ്റ് ഓഫ് വേ (RoW) ഏകദേശം 1.681 ചതുരശ്ര കിലോമീറ്റർ ആണ്. എന്നാൽ പൊതുജനങ്ങളുടെ എതിർപ്പ് കാരണം ഭൂവുടമകളുടെയും സ്ഥലത്തിന്റെയും വിസ്തൃതി തിട്ടപ്പെടുത്താൻ സാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ